REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-09-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യത്തിന്റെ 15-ാമത് ഉപരാഷ്ട്രപതിയായി CP രാധാകൃഷ്ണൻ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.**
- **പ്രളയബാധിത ഉത്തരാഖണ്ഡ് സംസ്ഥാനത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി 1,200 കോടിരൂപ ധനസഹായം പ്രഖ്യാപിച്ചു.**
- **കേരള അർബൻ കോൺക്ലേവ് രാവിലെ കൊച്ചിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവും മുൻ നിയമസഭ സ്പീക്കറുമായ PP തങ്കച്ചന്റെ ഭൗതികശരീരം രാവിലെ പെരുമ്പാവൂരിലെ വസതിയിൽ പൊതു ദർശനത്തിന് വെക്കും. സംസ്കാരം നാളെ വൈകിട്ട്.**
- **ഏഷ്യാകപ്പ് ക്രിക്കറ്റിൽ ബംഗ്ലാദേശ്, ഹോങ്കോങ്ങിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

രാജ്യത്തിന്റെ 15-ാമത് ഉപരാഷ്ട്രപതിയായി CP രാധാകൃഷ്ണൻ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. രാഷ്ട്രപതി ഭവനിൽ രാവിലെ പത്തിനാണ് സത്യപ്രതിജ്ഞാച്ചടങ്ങ്. രാഷ്ട്രപതി ദ്രൗപതി മുർമു അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുക്കും. പ്രധാനമന്ത്രി നരേന്ദ്രമോദിയും, കേന്ദ്രമന്ത്രിമാരും, NDA നേതാക്കളും, പാർലമെന്റ് അംഗങ്ങളും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ വൈകിട്ട് ജ്ഞാൻ ഭാരതം അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുക്കും. ചടങ്ങിൽ ജ്ഞാൻ ഭാരതം പോർട്ടൽ അദ്ദേഹം നാടിന് സമർപ്പിക്കും. പുരാ രേഖകളുടെ ഡിജിറ്റൈസേഷൻ, സംരക്ഷണം, ലഭ്യത എന്നിവ ഈ ഡിജിറ്റൽ പ്ലാറ്റ് ഫോമിൽ ലഭ്യമാകും. ഇന്നലെയാണ് മൂന്ന് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം ആരംഭിച്ചത്.

✪✪✪

പ്രളയബാധിത ഉത്തരാഖണ്ഡ് സംസ്ഥാനത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി 1200 കോടിരൂപ ധനസഹായം പ്രഖ്യാപിച്ചു. മേഘവിസ്ഫോടനവും മഴയും മണ്ണിടിച്ചിലും മൂലം വ്യാപക നാശമുണ്ടായ ഡെറാഡൂണിൽ ഇന്നലെ പ്രധാനമന്ത്രി വ്യോമ നിരീക്ഷണം നടത്തിയിരുന്നു. ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകും. രക്ഷിതാക്കൾ മരിച്ച കുട്ടികൾക്ക് PM കെയേഴ്സ് പദ്ധതിയിൽ എല്ലാ സഹായങ്ങളും നൽകുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

BJP ഈ മാസം 17 മുതൽ രാജ്യവ്യാപകമായി സേവാ പക്ഷാചരണം സംഘടിപ്പിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജന്മദിനമായ 17ന് തുടങ്ങുന്ന സേവാ പക്ഷാചരണം ഒക്ടോബർ രണ്ട് വരെ തുടരുമെന്ന് കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ് ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് അറിയിച്ചു.

✪✪✪

വരും മാസങ്ങളിൽ മലമ്പനിക്കും ഡെങ്കുവിനുമെതിരെ ജാഗ്രത പാലിക്കണമെന്നും പ്രതിരോധ നടപടികൾ ശക്തമാക്കണമെന്നും കേന്ദ്രമന്ത്രി JP നദ്ദ സംസ്ഥാന മുഖ്യമന്ത്രിമാർക്ക് നിർദേശം നൽകി. ന്യൂഡൽഹിയിൽ ഇന്നലെ രാജ്യത്തെ ഡെങ്കു- മലമ്പനി സാഹചര്യം അവലോകനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന ആരോഗ്യമന്ത്രിമാർ രോഗ സാഹചര്യം വിലയിരുത്തി 20 ദിവസത്തിനകം കർമപരിപാടി തയ്യാറാക്കണമെന്നും നദ്ദ നിർദേശിച്ചു.

✪✪✪

നാവികസേനയുടെ INS ആരവല്ലി യുദ്ധക്കപ്പൽ ഇന്ന് ഗുരുഗ്രാമിൽ കമ്മീഷൻ ചെയ്യും. ഇന്ത്യയുടെ സമുദ്ര സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ സുപ്രധാന ചുവടുവയ്പാണിത്. INS ആരവല്ലി, നാവികസേനയുടെ വിവര - ആശയവിനിമയ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താനാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

ചടങ്ങിൽ നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് K ത്രിപാഠി അധ്യക്ഷനായിരിക്കും.

✪✪✪

ഒട്ടേറെ അവശ്യ സാധനങ്ങളുടേയും ഭക്ഷ്യോത്പന്നങ്ങ ളുടേയും GST എടുത്തുകളഞ്ഞ വരും തലമുറ പരിഷ്കരണം ഈ മാസം 22ന് നിലവിൽ വരും. ഇതോടെ സാധാരണക്കാരുടെ നികുതി ഭാരം വലിയൊരളവിൽ ഇല്ലാതെയാകും. പാലിനും, പാക്കറ്റിലാക്കിയ ഭക്ഷ്യോത്പന്നങ്ങൾക്കും ബ്രാൻഡ് ചെയ്യാത്ത അരി, ഗോതമ്പ്, പയർ വർഗ്ഗങ്ങൾ എന്നിവയുടെ GST പൂർണമായി ഒഴിവാക്കിയിട്ടുണ്ട്. ചപ്പാത്തി, റൊട്ടി ഇനങ്ങൾക്കും GST ഈടാക്കില്ല. ആരോഗ്യ മേഖലയ്ക്കും വളരെയേറെ ആശ്വാസകരമാണ് GST പരിഷ്കരണം. 33 ജീവൻ രക്ഷാ മരുന്നുകളുടെ GST പാടെ ഒഴിവാക്കി. വിദ്യാർത്ഥികൾക്കാവശ്യമായ സ്റ്റേഷനറി സാധനങ്ങളേയും GST പരിധിയിൽ നിന്ന് മാറ്റി. ടെക്സ്റ്റൈൽസ് മേഖലയിലും പലയിനം നൂലുകൾക്ക് GST ഇളവ് ഗുണകരമായിമാറും.

✪✪✪

കേരളത്തിന്റെ ആദ്യ സമഗ്ര നഗരനയം രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന കേരള അർബൻ കോൺക്ലേവ് രാവിലെ കൊച്ചിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഗ്രാൻഡ് ഹയാത്ത് കൺവെൻഷൻ സെന്ററിലാണ് കോൺക്ലേവ്.

ഡെസ്ക് റിപ്പോർട്ട്...

..........വോയ്സ്.........

'ആസ്പയറിങ് സിറ്റീസ്, ത്രൈവിംഗ് കമ്മ്യൂണിറ്റീസ് ' എന്ന ആശയത്തിലാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. കേന്ദ്ര മന്ത്രി മനോഹർലാൽ ഖട്ടർ മുഖ്യാതിഥിയാകും. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രിമാരായ KN ബാലഗോപാൽ, K.രാജൻ, AK. ശശീന്ദ്രൻ, P. രാജീവ്, പ്രതിപക്ഷ നേതാവ് VD സതീശൻ തുടങ്ങിയവരും, വിദേശ രാജ്യ പ്രതിനിധികളും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും. മന്ത്രി MB രാജേഷ് അധ്യക്ഷനായിരിക്കും.

രണ്ടു ദിവസങ്ങളിൽ 36 സെഷനുകളാണ് കോൺക്ലേവിൽ ഉണ്ടാവുക. ഇന്ന് ഉദ്ഘാടന സമ്മേളനത്തിനു ശേഷം വിദേശ രാജ്യങ്ങളിലെ മന്ത്രിമാരും കേന്ദ്ര മന്ത്രിമാരും പങ്കെടുക്കുന്ന ഹൈലെവൽ പൊളിറ്റിക്കൽ ഫോറവും ഉച്ച കഴിഞ്ഞ് കേരളത്തിലെ മുഴുവൻ കോർപറേഷൻ മേയർമാരും മുനിസിപ്പാലിറ്റി ചെയർപേഴ്സൺസും പങ്കെടുക്കുന്ന കൗൺസിലേഴ്സ് അസംബ്ലിയും നടത്തും.

നാളെ വൈകിട്ട് സമാപന സമ്മേളനം മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും.

✪✪✪

മലപ്പുറം മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിനെ സമ്പൂർണ കുടിവെള്ള പദ്ധതി പൂർത്തീകരിച്ച ജില്ലയിലെ ആദ്യ പഞ്ചായത്തായി മന്ത്രി റോഷി അഗസ്റ്റിൻ രാവിലെ പ്രഖ്യാപിക്കും. മുണ്ടക്കുളത്താണ് ചടങ്ങ്.

✪✪✪

ഇന്നലെ ആലുവയിൽ അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവും KPCC മുൻ പ്രസിഡന്റും, മുൻ നിയമസഭ സ്പീക്കറുമായ PP തങ്കച്ചന്റെ ഭൗതികശരീരം രാവിലെ പെരുമ്പാവൂരിലെ വസതിയിൽ എത്തിക്കും. നാളെ ഉച്ചവരെ പൊതു ദർശനത്തിന് വെക്കും. സംസ്കാരം നാളെ വൈകിട്ട് നെടുമ്പാശ്ശേരി മാർ ശാബോർ അഫ്രോത്ത് യാക്കോബായ സുറിയാനി കത്തീഡ്രലിലാണ്.

✪✪✪

PP തങ്കച്ചന്റെ നിര്യാണത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അനുശോചിച്ചു. സ്പീക്കർ, മന്ത്രി, KPCC പ്രസിഡന്റ്, UDF കൺവീനർ എന്നീ നിലകളിൽ PP തങ്കച്ചന്റെ പൊതുസേവനം എന്നും നന്ദിയോടെ ഓർമ്മിക്കപ്പെടുമെന്ന് ഗവർണർ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

സ്പീക്കർ AN ഷംസീർ, ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി, പ്രിയങ്ക ഗാന്ധി MP, പ്രതിപക്ഷ ഉപനേതാവ് P K കുഞ്ഞാലികുട്ടി, UDF കൺവീനർ അടൂർപ്രകാശ് തുടങ്ങിയവരും തങ്കച്ചന്റെ നിര്യാണത്തിൽ അനുശോചിച്ചു.

✪✪✪

കേരളം സംരംഭങ്ങൾക്ക് പറ്റുന്ന നാടായി മാറിക്കഴിഞ്ഞെന്നും, വ്യവസായ സൗഹൃദ റാങ്കിങിൽ രാജ്യത്ത് ഒന്നാം സ്ഥാനം സംസ്ഥാനത്തിനാണെന്നും മന്ത്രി P.രാജീവ് പറഞ്ഞു. മലപ്പുറത്ത് സംഘടിപ്പിച്ച ജില്ലാ തല നിക്ഷേപക സംഗമം ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കൊച്ചി ആഗോള നിക്ഷേപക സംഗമത്തിൽ ലഭിച്ച വാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിൽ 25 ശതമാനം പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചതായി മന്ത്രി പറഞ്ഞു.

✪✪✪

മലപ്പുറം എടരിക്കോട് സ്പിന്നിംഗ് മില്ലിൽ ഉത്പാദനം പുനരാരംഭിച്ചു. രണ്ടര വർഷം മുമ്പാണ് മില്ലിൽ ലേ ഓഫ് പ്രഖ്യാപിച്ചത്. കേരള ടെക്സ്റ്റൈൽസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അരുണാചലം സുകുമാർ മില്ലിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്തു.

✪✪✪

അബുദാബിയിൽ ഏഷ്യാകപ്പ് ക്രിക്കറ്റ് ഗ്രൂപ്പ് B മത്സരത്തിൽ ബംഗ്ലാദേശ്, ഏഴുവിക്കറ്റിന് ഹോങ്കോങ്ങിനെ തോൽപ്പിച്ചു. ആദ്യം ബാറ്റിങ്ങിനിറങ്ങിയ ഹോങ്കോങ്, ഏഴുവിക്കറ്റ് നഷ്ടത്തിൽ 143 റൺസെടുത്തപ്പോൾ ബംഗ്ലാദേശ് 17.4 ഓവറിൽ ലക്ഷ്യം കണ്ടു.

✪✪✪

ആലപ്പുഴയിൽ സമാപിച്ച നെഹ്റു ട്രോഫി വള്ളംകളിയുടെ മുഴുവൻ മത്സരഫലവും ഇതുവരെയും പുറത്തുവന്നില്ല. ഓഗസ്റ്റ് 30 നായിരുന്നു വള്ളം കളി.

ആലപ്പുഴ പ്രതിനിധി R രവികുമാർ...

.......വോയ്സ്.........

✪✪✪

കേരള പത്ര പ്രവർത്ത ക യൂണിയന്റെ നേതൃത്വത്തിൽ വയനാട് പ്രസ് ക്ലബ് സംഘടിപ്പിക്കുന്ന ജേർണലിസ്റ്റ് ക്രിക്കറ്റ് ലീഗ് മൂന്നാം സീസണ് ഇന്ന് മീനങ്ങാടി കൃഷ്ണഗിരി സ്റ്റേഡിയത്തിൽ തുടക്കമാവും. പ്രിയങ്ക ഗാന്ധി MP ടൂർണമെന്റ് ഉദ്ഘാടനം ചെയ്യും.

✪✪✪

ആലപ്പുഴയിൽ CPI സംസ്ഥാന സമ്മേളനം ഇന്ന് സമാപിക്കും. വൈകിട്ട് ആലപ്പുഴ ബീച്ചിൽ പൊതുസമ്മേളനം പാർട്ടി ജനറൽ സെക്രട്ടറി D രാജ ഉദ്ഘാടനം ചെയ്യും. റെഡ് വളണ്ടിയർ പരേഡും റാലിയും ഉണ്ടാവും.

✪✪✪

തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് സംഘടിപ്പിക്കുന്ന വികസന സദസ് UDF ബഹിഷ്കരിക്കുമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. ഈ വിഷയത്തിൽ കുറ്റപത്രം തയ്യാറാക്കുമെന്നും അദ്ദേഹം കോഴിക്കോട്ട് UDF നയരൂപീകരണ കൺവെൻഷൻ ഉദ്ഘാടനം ചെയ്യവെ അറിയിച്ചു.

ആഗോള അയ്യപ്പ സംഗമം ഭക്തരെ കബളിപ്പിക്കലാണെന്നും പ്രതിപക്ഷനേതാവ് ആരോപിച്ചു. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടാണ് ഈ നിക്കം. ശബരിമലവികസനത്തിന് ഗവൺമെന്റ് ഒന്നും ചെയ്തില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. UDF കൺവിനർ അടൂർ പ്രകാശ്, മുസ്ലീംലീഗ് നേതാവ് PK കുഞ്ഞാലിക്കുട്ടി, MP-മാരായ ഷാഫി പറമ്പിൽ, MK രാഘവൻ തുടങ്ങിയവരും പങ്കെടുത്തു.

✪✪✪

ചട്ടമ്പി സ്വാമികളുടെ 172-ാമത് ജയന്തി സമാധിസ്ഥാനമായ കൊല്ലം പന്മന ആശ്രമത്തിൽ വിവിധ പരിപാടികളോടെ ഇന്ന് ആഘോഷിക്കും. ജയന്തി സമ്മേളനം, വാഴൂർ തീർത്ഥപാദാശ്രമം മഠാധിപതി പ്രജ്ഞാനാനന്ദ തീർത്ഥപാദർ ഉദ്ഘാടനം ചെയ്യും.

✪✪✪

കോഴിക്കോട് പൂഴിത്തോട് - വയനാട് പടിഞ്ഞാറത്തറ ബദൽ റോഡിന്റെ സാധ്യതാ പഠനത്തിന്റെ ഭാഗമായി വനമേഖലയിൽ GPS സർവ്വേക്ക് തുടക്കമായി. മൂന്നര കിലോമീറ്ററോളം വനഭൂമിയിൽ ഡ്രോൺ ഉപയോഗിച്ചാണ് സർവേ ആരംഭിച്ചത്. വയനാട് പടിഞ്ഞാറത്തറ ഭാഗത്ത് GPS സർവ്വേ നേരത്തെ പൂർത്തീകരിച്ചിരുന്നു.

✪✪✪

കണ്ണൂർ കണ്ണപുരം കീഴറ സ്ഫോടനവുമായി ബന്ധപ്പെട്ട് രണ്ട് പേരെ കൂടി പോലീസ് അറസ്റ്റ് ചെയ്തു. പടുവിലായി സ്വദേശി അനീഷ്, ഉരുവച്ചാൽ സ്വദേശി റഹീൽ എന്നിവരെയാണ് കണ്ണപുരം പൊലീസ് അറസ്റ്റ് ചെയ്തത്.

ഓഗസ്റ്റ് 30 ന് പുലർച്ചെ കീഴറയിലെ വാടക വീട്ടിൽ സ്ഫോടനത്തിൽ ഒരാൾ മരിക്കുകയും സമീപത്തെ വീടുകൾക്കും നാശം നേരിടുകയും ചെയ്തിരുന്നു.

✪✪✪

ഉന്നതികളിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ ഉറപ്പാക്കണമെന്ന് സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സൺ ഡോ.ജിനു സക്കറിയ ഉമ്മൻ കാസർക്കോട്ട് നിർദേശം നൽകി. വെള്ളരിക്കുണ്ട് താലൂക്കിലെ ഗോത്ര മേഖലകൾ സന്ദർശിച്ച് കമ്മീഷൻ സംഘം ഭക്ഷ്യ ഭദ്രതാ പ്രവർത്തനങ്ങൾ വിലയിരുത്തി.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader:അനിൽ ചന്ദ്രൻ*
*NRT s: അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*